REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യയും ചൈനയും വിമാന സർവീസുകൾ പുനരാരംഭിക്കാൻ തീരുമാനിച്ചു.**
- **ദാദാ സാഹിബ് ഫാൽകെ പുരസ്കാരം നേടിയ മോഹൻലാലിനെ നാളെ തിരുവനന്തപുരത്ത് സംസ്ഥാന ഗവൺമെന്റ് ആദരിക്കും.**
- **കാസർകോട് ജില്ലയെ ഇന്ന് ദാരിദ്ര്യ മുക്തമായി മന്ത്രി വീണാ ജോർജ്ജ് പ്രഖ്യാപിക്കും.**
- **വന്യജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് കോഴിക്കോട്ട്.**
- **അഹമ്മദാബാദ് ക്രിക്കറ്റ് ടെസ്റ്റിൽ രണ്ടിന് 121 റൺസെന്ന നിലയിൽ ഇന്ത്യ ഇന്ന് ബാറ്റിംഗ് തുടരും.**

## വാർത്തകൾ വിശദമായി

ഇന്ത്യയും ചൈനയും വിമാന സർവീസുകൾ പുനരാരംഭിക്കാൻ തീരുമാനിച്ചു. ഈ മാസം അവസാനത്തോടെ സർവീസുകൾ വീണ്ടും ആരംഭിക്കുമെന്ന് സിവിൽ വ്യോമയാന മന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു. ഇതിന് ആവശ്യമായ സാങ്കേതിക തല ചർച്ചകൾ പൂർത്തിയായിവരികയാണ്. പുതുക്കിയ കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും സർവീസുകൾ തുടങ്ങുന്നത്.

ഇന്ത്യ - ചൈന ബന്ധങ്ങൾ സാധാരണ നിലയിലേക്ക് കൊണ്ടുവരണമെന്ന ഇരു രാജ്യങ്ങളുടേയും കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് സർവീസുകൾ പുനരാരംഭിക്കുന്നത്.

✪✪✪

റഷ്യൻ പ്രസിഡന്റ് വ്ളാഡ്മിർ പുട്ടിൻ ഡിസംബറിൽ ഇന്ത്യ സന്ദർശിക്കും. ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാനാണ് പുട്ടിന്റെ ഇന്ത്യാ സന്ദർശനം. 2022 ൽ ഉക്രൈൻ സംഘർഷം ആരംഭിച്ച ശേഷം ആദ്യമായാണ് റഷ്യൻ പ്രസിഡന്റ് ഇന്ത്യയിലെത്തുന്നത്.

✪✪✪

ഭരണ പരിഷ്കരണ - പരാതി പരിഹാര വകുപ്പിന്റെ നേതൃത്വത്തിൽ മന്ത്രാലയങ്ങളിലെ വിവിധ വകുപ്പുകൾ ഈ മാസം 31 വരെ നീളുന്ന സ്പെഷ്യൽ ക്യാമ്പയിൻ 5.0ക്ക് തുടക്കമിട്ടു. കാര്യക്ഷമത വർദ്ധിപ്പിക്കാനും നടപടിക്രമങ്ങൾ ഏകീകരിക്കാനും പൗര കേന്ദ്രീകൃത ഭരണം ലക്ഷ്യമിട്ടുമാണ് പരിപാടി സംഘടിപ്പിക്കുന്നത്. ശുചിത്വം, ഫയൽ നീക്കം, പരാതി പരിഹാരം, ഇലക്ട്രോണിക് പാഴ് വസ്തുക്കളുടെ നിർമ്മാർജ്ജനം എന്നിവ കേന്ദ്രീകരിച്ചാണ് ക്യാമ്പയിൻ.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി കഴിഞ്ഞമാസം 22 നു പ്രഖ്യാപിച്ച പുതുതലമുറ GST പരിഷ്കരണത്തിന്റെ ഭാഗമായ ലാഭോത്സവം സമൂഹത്തിലെല്ലാവർക്കും ഗുണകരമാണ്. സാധനങ്ങൾക്കും സേവനങ്ങൾക്കും നികുതി നിരക്ക് കുറച്ചതിലൂടെ പൗരന്മാർക്ക് ഗണ്യമായ ആശ്വാസമാണ് ലഭിക്കുന്നത്. സ്റ്റേഷനറി സാധനങ്ങളുടെ GST-യിൽ വന്ന കുറവിനെ കുറിച്ച് ഒരു റിപ്പോർട്ട്...

....വോയ്സ്.....

ഏറ്റവും പുതിയ GST പരിഷ്കാരങ്ങൾ രാജ്യത്തെ വിദ്യാർത്ഥികൾക്കും ചില്ലറ വ്യാപാരികൾക്കും ഏറെ ഗുണകരമാണ്. പെൻസിലുകളുടെ GST പൂർണ്ണമായും ഒഴിവാക്കി. നോട്ട് ബുക്കുകൾക്കും കോപ്പികൾക്കും പരിശീലന പുസ്തകങ്ങൾക്കും ഗ്രാഫ് നോട്ടുകൾക്കും ലബോറട്ടറി നോട്ട് ബുക്കുകൾക്കും നികുതി മുഴുവനായി എടുത്തുകളഞ്ഞു. എറേസറുകൾക്കും പെൻസിൽ ഷാർപ്പ്ണറുകൾക്കും നികുതി ഒഴിവാക്കി. ജ്യോമട്രി ബോക്സുകൾക്ക് 12 ശതമാനം ഉണ്ടായിരുന്ന നികുതി ഇപ്പോൾ അഞ്ചു ശതമാനം മാത്രമാണ്. ഈ മാറ്റങ്ങൾ രാജ്യത്തെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ഗുണം ചെയ്യുന്നതിനൊപ്പം ചില്ലറവ്യാപാരികൾക്കും ചെറുകിട കച്ചവടക്കാർക്കും പ്രയോജനകരവുമാണ്.

✪✪✪

വരും തലമുറ GST പരിഷ്കരണം നടപ്പിലായതോടെ സംശയനിവാരണത്തിന് മൂവായിരത്തി തൊള്ളായി രത്തിലധികം കോളുകൾ നാഷണൽ കൺസ്യൂമർ ഹെൽപ്പ് ലൈനിന് ലഭിച്ചതായി ഉപഭോക്തൃ-ഭക്ഷ്യ കാര്യ മന്ത്രാലയം അറിയിച്ചു. ഏതൊക്കെ ഉല്പന്നങ്ങൾക്കാണ് GSTയിൽ ഇളവ് നൽകിയതെന്നും നൽകാത്തതെന്നുമടക്കം ചോദ്യങ്ങളാണ് ഉപഭോക്താക്കൾ ഉന്നയിച്ചത്.

പാലിന്റെ വില, E-കോമേഴ്‌സ് പ്ലാറ്റ്ഫോം വഴി വാങ്ങിയ ഇലക്ട്രോണിക്ക് ഉൽപ്പന്നങ്ങളുടെ നിരക്ക്, ഗാർഹിക LPG സിലിണ്ടറുകൾ, പെട്രോൾ വില എന്നിവ സംബന്ധിച്ചായിരുന്നു പരാതികളിലേറെയും. 1,900 പരാതികളിൽ തുടർനടപടി നിർദേശിക്കാൻ കേന്ദ്ര പരോക്ഷ നികുതി ബോർഡിന് അയച്ചു കൊടുത്തതായും മന്ത്രാലയം അറിയിച്ചു.

✪✪✪

മധ്യപ്രദേശിലെ ഖാണ്ഡ്വ വാഹനാപകടത്തിൽ 10 പേർ മരിച്ച സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖവും വേദനയും അറിയിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് അമ്പതിനായിരം രൂപ വീതവും അദ്ദേഹം സഹായം പ്രഖ്യാപിച്ചു. മുഖ്യമന്ത്രി മോഹൻ യാദവ് മരിച്ചവരുടെ കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപ വീതവും നൽകും.

ട്രാക്ടറിന്റെ ട്രോളിയിൽ സഞ്ചരിക്കുകയായിരുന്ന തീർത്ഥാടക സംഘം അബ്ന നദിയിലേക്ക് വീണാണ് ദുരന്തമുണ്ടായത്.

✪✪✪

സാമൂഹ്യ-ഐക്യദാർഢ്യ പക്ഷാചരണം മുഖ്യമന്ത്രി പിണറായി വിജയൻ കാസർകോട് കാഞ്ഞങ്ങാട്ട് ഉദ്ഘാടനം ചെയ്തു. പാർശ്വവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പക്ഷാചരണം സംഘടിപ്പിക്കുന്നത്. 'കുതിച്ചുയരാം അറിവിലേക്കും തൊഴിലിലേക്കും' എന്നതാണ് ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ആപ്തവാക്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ചലച്ചിത്ര ലോകത്തെ സമഗ്ര സംഭാവനക്ക് ദാദാ സാഹിബ് ഫാൽകെ പുരസ്കാരം നേടിയ മോഹൻലാലിനെ നാളെ തിരുവനന്തപുരത്ത് സംസ്ഥാന ഗവൺമെന്റ് ആദരിക്കും. ‘മലയാളം വാനോളം, ലാൽസലാം’ എന്ന ചടങ്ങ് സെൻട്രൽ സ്റ്റേഡിയത്തിലാണ് സംഘടിപ്പിച്ചിരിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ ലാലിനെ ചടങ്ങിൽ ആദരിക്കും.

✪✪✪

ന്യൂഡൽഹിയിൽ മലയാളി വിദ്യാർഥികൾക്ക് പോലീസ് മർദ്ദനമേറ്റ സംഭവത്തിൽ ഉന്നതതല അന്വേഷണം ആവശ്യപ്പെട്ട് ആഭ്യന്തരമന്ത്രി അമിത് ഷായ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കത്തയച്ചു. സാക്കിർ ഹുസൈൻ ഡൽഹി കോളേജിലെ മലയാളി വിദ്യാർത്ഥികൾക്കാണ് മർദ്ദനമേറ്റത്.

✪✪✪

കരൂർ ആൾക്കൂട്ട ദുരന്തത്തിൽ നടൻ വിജയ്ക്കും DMK ഗവൺമെന്റിനും എതിരായ ഹർജി മദ്രാസ് ഹൈക്കോടതി ഇന്ന് പരിഗണിക്കും. വിജയ്ക്കെതിരായ പൊതു താല്പര്യ ഹർജിയും CBI അന്വേഷണം വേണമെന്ന തമിഴക വെട്രി കഴകത്തിന്റെയും ഹർജികളാണ് കോടതിയുടെ പരിഗണനയ്ക്ക് വരുന്നത്.

✪✪✪

കാസർകോട് ജില്ലയെ ഇന്ന് ദാരിദ്ര്യ മുക്തമായി മന്ത്രി വീണാ ജോർജ്ജ് പ്രഖ്യാപിക്കും. ഗവൺമെന്റിന്റെ മുൻഗണനാ പദ്ധതിയായ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലൂടെ ജില്ലയിലെ 40 തദ്ദേശ സ്ഥാപനങ്ങളേയും ദാരിദ്ര്യ മുക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

വന്യജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് കോഴിക്കോട് ചേളന്നൂർ SN കോളേജിൽ. രാവിലെ മന്ത്രി AK ശശീന്ദ്രൻ വാരാഘോഷം ഉദ്ഘാടനം ചെയ്യും. ഈ മാസം എട്ട് വരെയാണ് വാരാഘോഷം.

ഇതിന്റെ ഭാഗമായി കോഴിക്കോട്ജില്ലയിലെ കോളേജ്, സ്കൂൾ വിദ്യാർഥികൾക്കായി ചിത്രരചന, പ്രസംഗം, ക്വിസ്, പ്രബന്ധരചന മത്സരങ്ങൾ മാത്തോട്ടം വനശ്രീ കോംപ്ലക്സിൽ നടത്തും.

✪✪✪

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ആദ്യ ക്രിക്കറ്റ് ടെസ്റ്റിന്റെ ഒന്നാം ദിവസം ഇന്നലെ കളിയവസാനിക്കുമ്പോൾ ഇന്ത്യ രണ്ട് വിക്കറ്റിന് 121 റൺസെടുത്തു. രാഹുലും ശുഭ്മാൻ ഗില്ലുമാണ് ക്രീസിൽ. അഹമ്മദാബാദിൽ ഇന്നലെ ആദ്യം ബാറ്റ് ചെയ്ത വെസ്റ്റ് ഇൻഡീസ് 162 റൺസിന് എല്ലാവരും പുറത്തായി.

✪✪✪

ന്യൂഡൽഹിയിൽ ലോക പാരാ അത്‌ലറ്റിക്സിൽ നാല് സ്വർണവും, അഞ്ച് വെള്ളിയും, രണ്ട് വെങ്കലവുമായി ഇന്ത്യ ഏഴാം സ്ഥാനത്തെത്തി. ചാമ്പ്യൻഷിപ്പ് ഞായറാഴ്ച സമാപിക്കും.

✪✪✪

കണ്ണൂർ മുഴപ്പിലങ്ങാട് ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളിയിൽ അഴീക്കോടൻ അച്ചാംതുരുത്തി ജേതാക്കളായി. വയൽക്കര വെങ്ങാട് രണ്ടാം സ്ഥാനവും, കാലിച്ചോൻ അച്ചാന്തുരുത്തി A- ടീം മൂന്നാം സ്ഥാനവും നേടി. വിജയികൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ക്യാഷ് പ്രൈസും ട്രോഫിയും സമ്മാനിച്ചു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണിൽ കോഴിക്കോട് FCക്ക് വിജയത്തുടക്കം. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിലെ ഉദ്ഘാടന മത്സരത്തിൽ കാലിക്കറ്റ് ഒന്നിനെതിരെ രണ്ട് ഗോളിന് ഫോഴ്സ കൊച്ചിയെ തോൽപ്പിച്ചു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം FC, തൃശൂർ മാജിക് FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ഓച്ചിറയിലെ പ്രശസ്തമായ കാളകെട്ടുത്സവം ഇന്ന്. വൈകിട്ടാണ് കെട്ടുകാളകളെ പരബ്രഹ്മ സന്നിധിയിലേക്ക് എഴുന്നള്ളിക്കുന്നത്.

കൊല്ലത്ത് നിന്ന് നീരജ് ലാൽ...

.......വോയ്സ്.......

ഓണാട്ടുകരയ്ക്ക് പ്രധാനമായ ഇരുപത്തെട്ടാം ഓണാഘോഷ ഉത്സവത്തിന്റെ ഭാഗമായാണ് നന്ദികേശരൂപങ്ങൾ കെട്ടിയുണ്ടാക്കി പരബ്രഹ്മ സന്നിധിയിലേക്ക് എഴുന്നള്ളിക്കുന്നത്. ആകാരത്തിലും അലങ്കാരത്തിലും വൈവിധ്യമാർന്ന കാളരൂപങ്ങൾ കണ്ട് വിസ്മയചിത്തരാകാൻ പതിനായിരങ്ങൾ പടനിലത്തെത്തും. 52 കരകളിലെ വിവിധ കാളമൂടുകളിൽ കാളകെട്ടുസമിതികളുടെ നേതൃത്വത്തിൽ കെട്ടിയുണ്ടാക്കിയ 200ലധികം കാളരൂപങ്ങളാണ് സന്ധ്യയോടെ പടനിലത്തെത്തുക. കഴിഞ്ഞതവണ എഴുന്നള്ളിക്കവേ തകർന്നുവീണ കാലഭൈരവനെ പുനർനിർമ്മിച്ച് കൂടുതൽ തലയെടുപ്പോടെ ഇത്തവണ എഴുന്നള്ളിക്കുന്നുണ്ട്. കുഞ്ഞൻ കെട്ടുകാളകൾ മുതൽ 72 അടി ഉയരമുള്ള കൂറ്റൻ കെട്ടുകളകൾ വരെ മികച്ച രീതിയിൽ അണിയിച്ചൊരുക്കി എഴുന്നള്ളിക്കുന്നതിന്റെ ഉത്സാഹത്തിലാണ് കാളകെട്ടുസമിതികൾ. 24 വനിതാ കാളകെട്ടുസമിതികളും ഇത്തവണ കാളരൂപങ്ങൾ എഴുന്നള്ളിക്കുന്നുണ്ട്. ദേശീയപാത 66 ൽ കരുനാഗപ്പള്ളിമുതൽ കായംകുളംവരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തും.

✪✪✪

LDF കോഴിക്കോട്ട് സംഘടിപ്പിച്ച പലസ്തീൻ ഐക്യദാർഢ്യ റാലി CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ പലസ്തീൻ സ്ഥാനപതി ഡോ. അബ്ദുള്ള M അബു ഷാവേസ് മുഖ്യാതിഥിയായിരുന്നു.

✪✪✪

ആറന്മുള വള്ള സദ്യകൾക്ക് സമാപനമായി. മൂന്നു മാസത്തോളം നീണ്ട 524 വള്ള സദ്യകളിൽ ഒന്നര ലക്ഷത്തോളം ഭക്തർ പങ്കെടുത്തു. സമാപന ദിവസത്തെ സദ്യയിൽ പ്രതിപക്ഷ നേതാവ് VD സതീശനായിരുന്നു പ്രത്യേക അതിഥി.

✪✪✪

BJP കണ്ണൂർ നോർത്ത് ജില്ലാ കമ്മറ്റിയുടെ സമ്പൂർണ്ണ യോഗം ഉച്ചയ്ക്ക് മാരാർജി ഭവനിൽ സംസ്ഥാന ജനറൽ സെക്രട്ടറി S. സുരേഷ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന - ജില്ലാ ഭാരവാഹികളും കമ്മറ്റി അംഗങ്ങളും ഉൾപ്പെടെ നേതാക്കൾ പങ്കെടുക്കും.

✪✪✪

മലങ്കര മർത്തോമാ സഭയുടെ പുരസ്ക്കാരങ്ങൾ തിരുവനന്തപുരത്ത് വിതരണം ചെയ്തു. പ്രവർത്തക പുരസ്കാരം പ്രതിപക്ഷ നേതാവ് VD സതീശനും കലാ പുരസ്കാരം നടൻ വിജയരാഘവനും സമ്മാനിച്ചു. മർത്തോമാ സഭ മേലധ്യക്ഷൻ ഡോ. തിയഡോഷ്യസ് മെത്രാപ്പോലീത്ത ആണ് പുരസ്ക്കാരങ്ങൾ സമ്മാനിച്ചത്.

✪✪✪

കേരള മീഡിയ അക്കാദമിയുടെ അന്താരാഷ്ട്ര മീഡിയ ഫെസ്റ്റിവൽ സേവ് ഗാസ സംഗമത്തോടെ തിരുവനന്തപുരത്ത് സമാപിച്ചു. മാനവീയം വീഥിയിൽ സംഘടിപ്പിച്ച സേവ് ഗാസ സംഗമത്തിൽ മുതിർന്ന മാധ്യമപ്രവർത്തകരും രാഷ്ട്രീയ - സാമൂഹ്യ - സാംസ്കാരിക പ്രവർത്തകരും പങ്കെടുത്തു.

✪✪✪

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളജുകളിലും KGMCTAയുടെ നേതൃത്വത്തിൽ വൈകിട്ട് മെഴുകുതിരി പ്രതിഷേധ പ്രകടനം നടത്തുമെന്ന് സംഘടന അറിയിച്ചു. ശമ്പള കുടിശിക, എൻട്രി കേഡറിലെ ശമ്പളക്കുറവ്, അനാവശ്യ സ്ഥലം മാറ്റൽ എന്നിവയ്ക്കെതിരെ നടത്തിവരുന്ന സമരത്തിന്റെ ഭാഗമായാണ് മെഴുകുതിരി കത്തിച്ച് പ്രതിഷേധം സംഘടിപ്പിക്കുന്നത്.

✪✪✪

ഐക്യരാഷ്ട്രസംഘടനയുടെ 80-ആം ജനറൽ അസംബ്ലിയിൽ പങ്കെടുക്കുന്ന 15 അംഗ ഇന്ത്യൻ സംഘത്തിലെ അംഗമായി NK പ്രേമചന്ദ്രൻ MPയെ തെരഞ്ഞെടുത്തു. വിദേശകാര്യ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമാണ് പ്രധാനമന്ത്രിയുടെ ഓഫീസ് അദ്ദേഹത്തെ സംഘത്തിൽ ഉൾപ്പെടുത്തിയത്. ഈ മാസം ആറ് മുതൽ പത്തുവരെയാണ് UN പൊതു സഭ ചേരുന്നത്.

✪✪✪

കോഴിക്കോട് വെള്ളയിൽ കടപ്പുറത്ത് ഇന്നലെ വൈകിട്ട് തിരയിൽപ്പെട്ട് കുട്ടി മരിച്ചു. തോപ്പയിൽ സ്വദേശി സഹദ് എന്ന 12 കാരനാണ് മരിച്ചത്.

എലത്തൂരിൽ മീൻപിടുത്തത്തിനിടെ മത്സ്യ തൊഴിലാളി കുഴഞ്ഞ് വീണ് മരിച്ചു. പുതിയനിരത്ത് സ്വദേശി രതീശ് ആണ് മരിച്ചത്.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ,*
*NRTs : ശരണ്യ രാജൻ*
*DEO : സി കെ സുബോധ്*